വെയർ ഹൗസ്.

247. MR. P. NANOO (*Chirayinkizh II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാന മന്ത്രി സദയം മറുപടി നൽകുമോ ?

(എ) വെയർഹൗസ് ആക്റ്റ് സംബന്ധിച്ച് എത്ര ലൈസൻസാണ് ഇതേവരെ കൊടുത്തിട്ടുള്ളത് ?

(ബി) ഫ്രാം വകുപ്പ് അനുസരിച്ച് ഇതേവരെ വെയർഹൗസ്മാന്റെ പേരിൽ നടപടി നടത്തുകയോ നടപടി നടത്തേണ്ട സന്ദർഭമുണ്ടാകയോ ചെയ്തിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI :

(a) 2 Warehouse man's licences
7 Weigher's licenses and
9 Classifier's licenses.

(b) Yes.

ചിറയിൻകീഴിലെ തൊഴിൽകുഴപ്പം.

248. MR. P. NANOO : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി പറയുമോ ?

(എ) ചിറയിൻകീഴ് താലൂക്കിൽ കയർവ്യവസായത്തിനു സാരമായമാന്ദ്യം ഉണ്ടായിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ അതിന്റെ നിവാരണത്തിനു ആ താലൂക്കിൽ ഗവണ്മെൻറിൽ നിന്നും എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ?

(സി) കയർ വ്യവസായത്തിനു നേരിട്ടിരിക്കുന്ന മാന്ദ്യം മൂലം ചിറയിൻകീഴ് താലൂക്കിൽ ഉദ്ദേശം എത്ര തൊഴിലാളികൾക്കു തൊഴിലില്ലാതായിത്തീർന്നിട്ടുണ്ട് ?

(ഡി) ആ തൊഴിലാളികൾക്കു തൊഴിലുണ്ടാക്കികൊടുക്കുന്നതിനു ആ താലൂക്കിൽ എന്തെങ്കിലും നടപടി ഗവണ്മെൻറ് കൈക്കൊണ്ടിട്ടുണ്ടോ ?

HON'BLE MR. N. KUNJURAMAN:

(എ) ഉണ്ട്.

(ബി) പ്രത്യേക നടപടികളൊന്നും എടുത്തിട്ടില്ല. എന്നാൽ കയർ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും, തൊഴിലില്ലായ്മയ്ക്കു പരിഹാരം നിർദ്ദേശിക്കുന്നതിനുമായി മി. ഫ്രാൻസ്. സ്മിത്തിന്റെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി മൂന്നു മാസത്തിനു മുൻപു നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly